# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം-9

നമ്പർ.ഇ3/8361/2024/എബിറ്റിറ്റി/ 104 തീയതി : 04.01.2025

## ടെണ്ടർ പരസ്യം

## പ്ലാസ്റ്റിക് കണ്ടെയിനർ സപ്ലൈ

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2025 മുതൽ 31-3-2026 വരെ ഒരു വർഷ കാലയളവിലേയ്ക്ക് പ്ലാസ്റ്റിക് കണ്ടെയിനർ സപ്ലൈ ചെയ്യുന്നതിനുള്ള അവകാശത്തിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 15.01.2025 ബുധനാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും 16.01.2025 വ്യാഴാഴ്ച വൈകുന്നേരം 3.45ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 5,000 രൂപയ്ക്ക് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ക്ഷേത്രത്തിലേയ്ക്കാവശ്യമായ പ്ലാസ്റ്റിക് കണ്ടെയ്നറുകൾ
   (എ) 1000 എം.എൽ (ഉദ്ദേശം 1000 എണ്ണം) (തിരിക്കടപ്പും കണ്ടെയ്നറും കൂടി 50 ഗ്രാം തൂക്കം)
   (ബി) 500 എം.എൽ (ഉദ്ദേശം 1000 എണ്ണം) (തിരിക്കടപ്പും കണ്ടെയ്നറും കൂടി 35 ഗ്രാം തൂക്കം)
   (സി) 250 എം.എൽ (ഉദ്ദേശം 20000 എണ്ണം)(തിരിക്കടപ്പും കണ്ടെയ്നറും കൂടി 22 ഗ്രാം തൂക്കം)
   (ഡി) 150 എം.എൽ (ഉദ്ദേശം 20000 എണ്ണം) (തിരിക്കടപ്പും കണ്ടെയ്നറും കൂടി 20 ഗ്രാം തൂക്കം)
   (ഇ) 50 എം.എൽ (ഉദ്ദേശം 20000 എണ്ണം) (തിരിക്കടപ്പും കണ്ടെയ്നറും കൂടി 6 ഗ്രാം തൂക്കം)
   എന്നീ അളവുകളിലുള്ള പ്ലാസ്റ്റിക് കണ്ടെയ്നർ (എച്ച്.ഡി.പി.വെർജിൻ) ക്ഷേത്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്. പ്രസ്തുത പ്ലാസ്റ്റിക് കണ്ടെയ്നറുകൾ 100 ഡിഗ്രി ചൂടുള്ള സാധനങ്ങൾ ഉൾക്കൊള്ളാൻ കഴിവുള്ളതും രാസപ്രവർത്തനങ്ങൾ (കെമിക്കൽ കണ്ടാമിനേഷൻ) ഉണ്ടാകാത്തതും, വെള്ള നിറത്തിലുള്ളതും, ദേവിയുടെ എംബ്ലവും, ക്ഷേത്രത്തിന്റെ പേരും, മുദ്രണം ചെയ്തതും തിരിക്കടപ്പുള്ളതും, ആഹാരസാധനങ്ങൾ പാക്ക്ചെയ്യുവാൻ അനുയോജ്യമായതും ആയിരിക്കണം. **ഓരോ സൈസിന്റെയും തുക 100 എണ്ണത്തിനു വീതം കോട്ടുചെയ്യേണ്ടതാണ്.** (സാമ്പിൾ ഹാജരാക്കേണ്ടതാണ് ഹാജരാക്കുന്ന സാമ്പിളിനേക്കാൾ നിലവാരം കുറഞ്ഞവ സപ്ലൈ ചെയ്താൽ കരാർ റദ്ദു ചെയ്യുന്നതാണ്.)
3. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 15,000 രൂപ (പതിനയ്യായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
4. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല.
5. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
6. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
7. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
8. മുമ്പ് സപ്ലൈ നടത്തിയിട്ടുള്ള സ്ഥലത്തു യാതൊരു ബാദ്ധ്യതയും ഇല്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

സെക്രട്ടറി

ആറ്റുകാൽ ഭഗവതിക്ഷേത്രംട്രസ്റ്റ്